**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2477** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>വിവിധ വകുപ്പുകൾക്കായി ഭരണാനുമതി ലഭിച്ച അടങ്കൽ തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ചാണ്ടി ഉമ്മൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചമല്ലാത്തതു കാരണം പദ്ധതി ചെലവുകൾ വെട്ടിക്കുറച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** നടപ്പ് സാമ്പത്തിക വർഷം പദ്ധതി ചെലവുകൾ ഒന്നും തന്നെ വെട്ടിക്കുറച്ച സാഹചര്യം ഉണ്ടായിട്ടില്ല.

**(ബി)** കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ഭരണാനുമതി ലഭിച്ച ആകെ അടങ്കൽ തുക എത്രയെന്നും ഇതിൽ കുറവു വരുത്തിയ തുക എത്രയെന്നും വകുപ്പു തിരിച്ചുള്ള കണക്കുകൾ അറിയിക്കുമോ;

**<u>മറുപടി:</u>** കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചതിനാൽ, വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശിക, മറ്റ് സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ എന്നിവ സർക്കാരിന് സമയബന്ധിതമായി കൊടുത്ത് തീർക്കേണ്ട സാഹചര്യം കണക്കിലെടുത്ത് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 17.07.2024, 31.08.2024 തീയതികളിലെ സ.ഉ (പി)നം.57/2024/ധന, സ.ഉ(പി)നം. 76/2024/ധന ഉത്തരവുകൾ മുഖേന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, ചീഫ് സെക്രട്ടറി തല കമ്മിറ്റിയുടെ ശിപാർശകൾ പ്രകാരം ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

**(സി)** ഏതൊക്കെ ക്ഷേമ പദ്ധതികൾക്കുള്ള തുക വെട്ടിക്കുറക്കൽ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ?

**<u>മറുപടി:</u>** ക്ഷേമ പദ്ധതികൾക്കുള്ള തുകയിൽ വെട്ടിക്കുറക്കൽ നടപ്പ് വർഷം നടത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**